**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5614 — 02.07.2019 ലെ മറുപടിയ്ക്ക്.

## വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>" എ. എൻ. ഷംസീർ,<br>" ബി.സത്യൻ,<br>" കെ.വി. വിജയദാസ് | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി യുവജനങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ട്അപ്പ് മിഷനും സംയുക്തമായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്കായി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ ഒരു ഇൻക്യുബേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. ബിസിനസ് മേഖലയിൽ താല്പര്യമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകരെ കണ്ടെത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്റ്റാർട്ട് അപ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്റ്റാർട്ട് അപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ട് അപ്പുകൾക്ക് 10 ലക്ഷം രൂപ വീതം 40 ലക്ഷം എന്ന പ്രകാരം 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സംസ്ഥാനത്ത് വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി ജനവിഭാഗങ്ങളുടെ ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് എന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടി പദ്ധതിയ്ക്ക് അനുയോജ്യമായതും നിബന്ധനകൾക്കനുസൃതവുമായ പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. |
| (സി) | ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | നിർമ്മാണ മേഖലയിലും, സേവന മേഖലയിലും ആസ്തി സൃഷ്ടിക്കുന്ന യൂണിറ്റുകളെ ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് പരിഗണിക്കുന്നതാണ്. ഫലപ്രദമായ മാനേജ്മെന്റ് നിയന്ത്രണത്തിലുള്ളതും, കഴിഞ്ഞ ഒരു വർഷകാലമായി 60%ത്തിലധികം ഓഹരി ഉടമകളായിട്ടുള്ള പട്ടികജാതി സംരംഭകരുള്ള കമ്പനികൾ ധനസഹായത്തിന് അർഹരാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി സംരംഭകരെ തെരഞ്ഞെടുക്കുമ്പോൾ സ്ത്രീ സംരംഭകർക്ക് മുൻഗണന നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | അർഹരായ സംരംഭകരെ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ